സാങ്കേതിക വിഭാഗം

പൊതുമരാമത്ത് വകുപ്പ്	713
ജലവിഭവ വകുപ്പ്	253
ആകെ	966

അനുബന്ധ മിനിസ്റ്റീരിയൽ വിഭാഗം

പൊതുമരാമത്ത് വകുപ്പ്	205
ജലവിഭവ വകുപ്പ്	674
ആകെ	879

(ജി) കോടതിയിൽ കേസുകൾ നിലവിലുള്ളതിനാൽ കൃത്യമായ തീയതി നിശ്ചയിച്ചിട്ടില്ല. എത്രയും വേഗം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

പുനർവിന്യാസം വഴി നിയമിക്കപ്പെട്ടവർക്ക് ശമ്പളം നൽകാൻ നടപടി

71 (827) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പി.ഡബ്ല്യു.ഡി., ഇറിഗേഷൻ വകുപ്പുകളിൽ നിന്നും പുനർവിന്യാസംവഴി തദ്ദേശസ്വയംഭരണ ചീഫ് എൻജിനീയറുടേയും ഓഫീസുകളിലേയ്ക്ക് മാറ്റി നിയമിച്ച ഉദ്യോഗസ്ഥർക്ക് ഇതുവരേയും ശമ്പളം ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഓഫീസ് സൗകര്യങ്ങൾ എന്നത്തേയ്ക്ക് ശരിയാകുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ ഉദ്യോഗസ്ഥർക്ക് ശമ്പളം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ ഉദ്യോഗസ്ഥരുടെ ജോലി സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഓഫീസ് സൗകര്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് 25-4-2003-ലെ 17378/പി1/2003/തസ്വഭവ. സർക്കുലർ പ്രകാരം ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. നടപടികൾ ഉടൻ പൂർത്തിയാവുമെന്ന് പ്രതീക്ഷിക്കുന്നു.

(സി). ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly